(എ) മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ ഏത്;

(ബി) ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2006 കാലഘട്ടത്തിൽ മഞ്ചേരി മണ്ഡലത്തിലെ 15 റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) 6 എണ്ണം പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 31-12-2006-ന് മുമ്പ് ബാക്കി റോഡുകളുടെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും നടപടി

102 [415] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളെന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിൽ എത്ര പാലങ്ങളുണ്ട്; എത്ര പാലങ്ങൾ അപകടാവസ്ഥയിലാണ്;

(സി) റോഡുകൾക്കും പാലങ്ങൾക്കുമായി ഒരു വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുന്നു;

(ഡി) ഇതിൽ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി എത്ര തുക വിനിയോഗിക്കുന്നു;

(ഇ) പൊതുമരാമത്ത് വകുപ്പിൽ പാലങ്ങളുടെ സംരക്ഷണത്തിനു മാത്രമായി നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുമോ;

(എഫ്) ബ്രിഡ്ജ് സേഫ്റ്റിക്കു വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയപാതയിൽ പാലങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ വേണ്ടി ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് എന്ന സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ മറ്റ് റോഡുകളിലെ പാലങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ സ്ഥിരമായും ക്രമമായും സംവിധാനം ഉണ്ട്. ഈ സംവിധാനമുപയോഗിച്ച് ബ്രിഡ്ജിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പഠനം നടത്തി സത്വര അനന്തര നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിൽ 2425 പാലങ്ങളുണ്ട്. ഇതിൽ 148 പാലങ്ങൾ അപകടാവസ്ഥയിലാണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ദേശീയപാതയിലെ പാലങ്ങൾക്കുള്ള സുരക്ഷിതത്വത്തിനായി 17.5 കോടി വകയിരുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങൾക്കുമായി കഴിഞ്ഞ 2 വർഷമായി പ്രതിവർഷം ഏതാണ്ട് 43 കോടി രൂപ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്താറുണ്ട്. പദ്ധതിയേതര ഇനത്തിൽ 210 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) ദേശീയപാതയിലെ പാലങ്ങൾക്കുള്ള സുരക്ഷിതത്വത്തിനായി 17.5 കോടി വകയിരുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി പ്രത്യേക ബഡ്ജറ്റ് വിഹിതം നീക്കിവക്കാറില്ല. സ്റ്റേറ്റ് ഹൈവേ, പ്രധാന ജില്ലാതല റോഡുകൾ ഇവയിൽ പാലങ്ങൾക്കും കലുങ്കുകൾക്കും പ്രത്യേകം വിഹിതവും ഹെഡ്ഡും ഉണ്ട്.

(ഇ) & (എഫ്) ദേശീയപാത വിഭാഗത്തിൽ സംവിധാനം നിലവിലുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ അതാത് ബ്രിഡ്ജസ് സെക്ഷനുകളാണ് സംരക്ഷണ ചുമതല നടത്തിവരുന്നത്. നിലവിലുള്ള നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്.

എൻ.എച്ച്. 17-ലെ റെയിൽവേ ഗേറ്റുകളിലെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

103 [416] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 17-ൽ സംസ്ഥാനത്ത് എത്ര റെയിൽവേ ഗേറ്റുകളിലാണ് ഓവർ ബ്രിഡ്ജുകൾ ഇപ്പോൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തിയാണ് നടന്നുവരുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിൽ ഇനി എത്ര റെയിൽവേ ഗേറ്റുകളിൽ റെയിൽ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിന് അനുവാദം നൽകാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) എൻ. എച്ച്. 17-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പൂർത്തീകരിച്ചതും പണികൾ നടന്നുകൊണ്ടിരിക്കുന്നതുമായ എത്ര റെയിൽ ഓവർ ബ്രിഡ്ജുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനെല്ലാം കൂടി ആകെ എത്ര തുക ചെലവഴിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly